**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5223 23.05.2017 ൽ മറുപടിയ്ക്ക്**

**എടക്കര ക്ഷീരോൽപാദക സംഘത്തിന്റെ കെട്ടിടനിർമ്മാണ അനുമതിക്കുള്ള അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ. കെ. ശശീന്ദ്രൻ | | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി) | |
| (എ) | എലത്തൂർ നിയോജകമണ്ഡലത്തിലെ തലക്കുളത്തൂർ പഞ്ചായത്തിലെ പട്ടർപാലം എടക്കര ക്ഷീരോൽ പാദക സംഘത്തിന്റെ കെട്ടിട നിർമ്മാണ അനുമതിക്കായുള്ള സംഘം പ്രസിഡന്റിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്നു വെളിപ്പെടുത്താമോ; | (എ) & (ബി) | ഉണ്ട്. അപേക്ഷ സംസ്ഥാനതല സമിതി പരിശോധിക്കുകയും സമിതി യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിരസിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത നടപടിക്കെതിരെ സംഘം ഭാരവാഹികൾ ബഹു. ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുകയും ടി കേസിലെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ 03/05/2017-ലെ സംസ്ഥാനതല സമിതി വിഷയം വീണ്ടും പരിഗണി ക്കുകയും സ്ഥല പരിശോധന നടത്താൻ തീരുമാനിക്കുക യുമുണ്ടായി. സ്ഥല പരിശോധനാ റിപ്പോർട്ടിന്റേയും, സമിതിയുടെ തീരു മാനത്തിന്റേയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | സംഘത്തിന്റെ കെട്ടിടനിർമ്മാണം പൊതു ആവശ്യമായി പരിഗണിച്ച് അനുമതി നല്കാൻ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**